പരിക്കേറ്റനിലയിൽ കണ്ട കാട്ടാനയെ മയക്കുവെടിവച്ചു

മണ്ണാർക്കാട്: കോട്ടോപ്പാടം ഗ്രാമപഞ്ചായത്തിലെ തിരുവിഴാംകുന്ന് ഭാഗത്ത് ജനവാസ കേന്ദ്രത്തിൽ കഴിഞ്ഞ ദിവസങ്ങളിൽ ഭീതി പരത്തിയ കാട്ടാനയെ മയക്കുവെടിവച്ചു പിടികൂടി. ആനയ്ക്ക് കാലിനു പരിക്കുള്ളതായി നാട്ടുകാർ അറിയിച്ചതിനെ തുടർന്നാണ് വനം വകുപ്പ് അധികൃതരെത്തി പരിശോധിച്ചത്. തിരുവിഴാംകുന്ന്

ഇരട്ടവാരി കരടിയോട് ഭാഗത്തുവച്ചാണ് വനംവകുപ്പിന്റെ നേതൃത്വത്തിൽ മയക്കുവെടിവച്ചത്. ആനയെ വനപാലകർ നിരീക്ഷിച്ചുവരികയാണ്. വൈകീട്ട് നാലുമണിയോടെ കയർകൊണ്ടു ബന്ധിച്ച് ഉദ്യോഗസ്ഥർ പരിശോധിച്ചു.

കുറച്ചുദിവസങ്ങളായി ഈ ആന ജനവാസമേഖലയിലുണ്ട്. ഇന്നലെ പുലർച്ചെയോടെ കരടിയോടു ഭാഗത്ത് ആനയെ കണ്ട നാട്ടുകാർ വനംവകുപ്പിനെ വിവരം അറിയിക്കുകയായി രുന്നു. വനപാലകരെത്തി ആനയെ നിരീക്ഷിച്ചപ്പോഴാണ് കാലിലെ പരിക്കുകണ്ടത്. തുടർന്ന് ചികിത്സ നൽകാൻ തീരുമാനിക്കുകയായിരുന്നു.

ഇതിനായി അസിസ്റ്റന്റ് ഫോറസ്റ്റ് വെറ്ററിനറി സർജൻ ഡോ. ഡേവിഡ് എബ്രഹാമിനെ സ്ഥലത്തെത്തിച്ചു. തുടർന്ന് പത്തരയോടെ ആനയെ മയക്കുവെടിവച്ചു. ആനയ്ക്ക് പത്തു വയസു കണക്കാക്കുന്നു.

വെടിയേറ്റ ആന വീടുകളുടെ സമീപത്തെ റബർതോട്ടത്തിലേക്ക് കയറിയത് ഭീതിപരത്തി. പിന്നീട് സ്വകാര്യ വ്യക്തിയുടെ പറമ്പിലെത്തി. ആന മയങ്ങിയശേഷം ചികിത്സ നൽകി കാട്ടിലേക്ക് തിരിച്ചുവിടും.

മണ്ണാർക്കാട് ഫോറസ്റ്റ് റേഞ്ച് ഓഫീസർ എൻ. സുബൈർ, തിരുവിഴാംകുന്ന് ഡെപ്യൂട്ടി റേഞ്ച് ഫോറസ്റ്റ് ഓഫീസർ കെ. സുനിൽകുമാർ എന്നിവരുടെ നേതൃത്വത്തിൽ തിരുവിഴാംകുന്ന് ഫോറസ്റ്റ് സ്റ്റേഷൻ, സൈലന്റ് വാലി റേഞ്ച് എന്നിവിടങ്ങളിൽനിന്നുള്ള വനപാലകരും ദ്രുതപ്രതികരണ സേനാംഗങ്ങളും സ്ഥലത്തുണ്ട്. മണ്ണാർക്കാട് പോലീസും സ്ഥലത്തെത്തിയിട്ടുണ്ട്. കാഴ്ചക്കാരെ നിയന്ത്രിക്കാനും പോലീസ് പാടുപെട്ടു.



മയക്കുവെടിവച്ച ആനയെ ഉദ്യോഗസ്ഥർ പരിശോധിക്കുന്നു.

ഒരുമനയൂരിൽ പട്ടാപ്പകൽ നാടൻബോംബ് സ്ഫോടനം; യുവാവ് കസ്റ്റഡിയിൽ

ചാവക്കാട്: ഒരുമനയൂരിൽ റോഡരികിൽ പട്ടാപ്പകൽ നാടൻബോംബ് പൊട്ടിച്ച യുവാവ് പിടിയിൽ. ഒരുമനയൂർ പഞ്ചായത്തിലെ മുത്തമ്മാവിനു കിഴക്ക് ആറാം വാർഡിൽ ശാഖ റോഡിൽ ഇന്നലെ ഉച്ചയ്ക്ക് രണ്ടിനു ശേഷമാണ് ഉഗ്രശബ്ദത്തോടെ പൊട്ടിത്തെറിയുണ്ടായത്. സ്ഫോടനം അറിഞ്ഞ് പരിസരവാസികൾ ഓടിയെത്തി. പുകയും പൊട്ടിത്തെറിയുടെ അവശിഷ്ടങ്ങളുംകണ്ട് ഇവർ പോലീസിൽ വിവരമറിയിച്ചു. പരിശോധനയിൽ സ്ഥലത്ത് വെള്ളാരങ്കല്ലു പോലുള്ള വസ്തുക്കളും കുപ്പിച്ചില്ലുകളും കണ്ടെത്തി. വെളുത്ത തുണിയിൽ ഗുണ്ടും കുപ്പിച്ചില്ലുകളും പൊതിഞ്ഞ നിലയിലാണ്. പോലീസ് സമീപത്തെ സിസിടിവി പരിശോധിച്ചാണ് യുവാവിനെ കസ്റ്റഡിയിലെടുത്തത്. ഒരുമനയൂരിൽ താമസിക്കുന്ന കാളത്തോട് സ്വദേശിയായ ഷെഫീക്ക്(30) ആണ് കസ്റ്റഡിയിലുള്ളത്. സ്ഥലത്ത് ബോംബ് സ്ക്വാഡും പോലീസും പരിശോധന തുടരുകയാണ്. ഗുരുവായൂർ എസിപി സുന്ദരൻ, ചാവക്കാട് എസ്ഐ യു. ശ്രുതി തുടങ്ങിയവരുടെ നേതൃത്വത്തിലാണ് പരിശോധന നടത്തിയത്.

ഷെഫീക്ക് ഒട്ടേറെ ക്രിമിനൽ കേസുകളിൽ പ്രതിയാണെന്ന് പോലീസ് അറിയിച്ചു. ഇയാളുടെ കൈവശമുണ്ടായിരുന്ന നാടൻബോംബാണ് പൊട്ടിത്തെറിച്ചതെന്നാണ് പ്രാഥമിക കണ്ടെത്തൽ. പോലീസ് ചോദ്യംചെയ്യൽ തുടരുകയാണ്. ഇയാളുടെ വീട്ടിലും പരിശോധന നടത്തി.

എൻ.കെ. അക്ബർ എംഎൽഎ, പഞ്ചായത്ത് പ്രസിഡന്റ് വിജിത സന്തോഷ്, പ്രതിപക്ഷ നേതാവ് കെ.ജെ. ചാക്കോ, വാർഡ് മെമ്പർ സിന്ധു അശോകൻ തുടങ്ങിയവർ സ്ഥലം സന്ദർശിച്ചു.

സ്ഫോടനം നടന്ന ഒരുമനയൂരിൽ അധികൃതർ പരിശോധന നടത്തുന്നു.

ലീഗൽ മെട്രോളജി ഇൻസ്പെക്ടറെ തടഞ്ഞ കേസിൽ വ്യാപാരി നേതാവ് ഉൾപ്പെടെ മൂന്നുപേർക്കു തടവും പിഴയും

കൊടുങ്ങല്ലൂർ: വ്യാപാരസ്ഥാപനത്തിൽ പരിശോധനയ്ക്ക് എത്തിയ ലീഗൽ മെട്രോളജി ഇൻസ്പെക്ടറെ തടഞ്ഞ കേസിൽ വ്യാപാരി വ്യവസായി ഏകോപനസമിതി ജില്ലാ ജനറൽ സെക്രട്ടറി ഉൾപ്പടെ മൂന്നുപേരെ കോടതി ശിക്ഷിച്ചു. വ്യാപാരി വ്യവസായി ഏകോപന സമിതി തൃശൂർ ജില്ലാ ജനറൽ സെക്രട്ടറി എൻ.ആർ. വിനോദ്കുമാർ, കൊടുങ്ങല്ലൂരിലെ ഗിഫ്റ്റ് ഹൗസ് ഉടമ സലീൽ, മാനേജർ അനൂപ് എന്നിവരെയാണു കൊടുങ്ങല്ലൂർ ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതി ശിക്ഷിച്ചത്.

വിനോദ്കുമാറിന് ആറുമാസം തടവും സലീൽ, അനൂപ് എന്നിവർക്ക് മൂന്നുമാസം തടവും 5000 രൂപ പിഴയുമാണു ശിക്ഷ. തുടർന്ന് മൂന്നുപേർക്കും കോടതി ജാമ്യവും അപ്പീൽ സമർപ്പിക്കാൻ ഒരു മാസത്തെ കാലാവധിയും അനുവദിച്ചു. 2016 ഒക്ടോബർ മാസത്തിലാണ് കേസിന് ആസ്പദമായ സംഭവം നടന്നത്. കൊടുങ്ങല്ലൂർ വടക്കേ നടയിലുള്ള ഗിഫ്റ്റ് ഹൗസ് എന്ന സ്ഥാപനത്തിൽ മുൻകൂർ നോട്ടീസ് ഇല്ലാതെ പരിശോധന നടത്താൻ എത്തിയ ഉദ്യോഗസ്ഥരെയാണ് വ്യാപാരികൾ തടഞ്ഞത്. സർക്കാരിനുവേണ്ടി അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ ജെയിംസ് ഹാജരായി.

വന്ദേഭാരത് വൺവേ പ്രത്യേക സർവീസ് നടത്തും

വലിയതുറ: കൊച്ചുവേളിയിൽ നിന്ന് മംഗളൂരുവിലേക്കു തിങ്കളാഴ്ച വന്ദേഭാരത് (06001) വൺവേ പ്രത്യേക സർവീസ് നടത്തും. യാത്രക്കാരുടെ വേനൽക്കാലത്തെ അവധി കഴിഞ്ഞുള്ള തിരക്ക് കണക്കിലെടുത്താണു സർവീസ്. രാവിലെ 10.45ന് കൊച്ചുവേളിയിൽനിന്നു പുറപ്പെടുന്ന ട്രെയിൻ രാത്രി 10ന് മംഗളൂരുവിൽ എത്തിച്ചേരും. 11.15 മണിക്കൂറാണു യാത്രാ സമയം. എട്ട് കോച്ചുകളാണ് ട്രെയിനിൽ സജ്ജമാക്കിയിട്ടുള്ളത്.

അനധികൃതമായി സൂക്ഷിച്ച അലോപ്പതി മരുന്നുകൾ പിടികൂടി

ആനക്കര: കപ്പൂർ കൂനംമൂച്ചി പാറക്കലിൽ അനധികൃതമായി സൂക്ഷിച്ച അലോപ്പതി മരുന്നുകൾ പിടികൂടി. ജില്ലാ ഡ്രഗ് ഇൻസ്പെക്ടറുടെ ഓഫീസിൽ ഇ-മെയിൽ വഴി ലഭിച്ച പരാതിയെത്തുടർന്ന് ജില്ലാ ഡ്രഗ് കൺട്രോൾ വിഭാഗത്തിന്റെ നേതൃത്വത്തിലായിരുന്നു പരിശോധന. അനധികൃതമായി സൂക്ഷിച്ച സൈക്കോ ട്രോപിക്, ആന്റിബയോട്ടിക്, ഷെഡ്യൂൾ എച്ച് വൺ വിഭാഗത്തിൽ പെടുന്നവയും മാരക അസുഖങ്ങൾക്കുള്ളവയും അടക്കം പതിനായിരക്കണക്കിനു രൂപ വില വരുന്ന മരുന്നുകളാണ് കൂനംമൂച്ചി പാറക്കൽ പള്ളിക്കു സമീപത്തെ സ്വകാര്യ ട്രസ്റ്റിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽനിന്നു പിടികൂടിയത്.

മുറിയിൽ വിവിധഭാഗങ്ങളിൽ ഒളിപ്പിച്ചനിലയിലായിരുന്നു മരുന്നുകൾ. അലോപ്പതി മരുന്നുകൾ വിതരണംചെയ്യാനുള്ള ലൈസൻസോ മരുന്നുകൾ വാങ്ങിയതിന്റെ ബില്ലുകളോ ഹാജരാക്കാൻ ആവശ്യപ്പെട്ടെങ്കിലും സ്ഥാപനത്തിലെ പ്രതിനിധികൾക്ക് ഹാജരാക്കാൻ ആയില്ല. കെട്ടിടത്തിൽ ആയുർവേദ ഫാർമസി പ്രവർത്തിക്കുന്നുണ്ട്. ഇവിടെ പത്തിരിപ്പാല മണ്ണൂർ സ്വദേശി മുമ്പ് ആയുർവേദ, യുനാനി ചികിത്സ നടത്തിയിരുന്നു. ഇതിനോട് ചേർന്ന മുറിയിലാണ് മരുന്നുകൾ ഒളിപ്പിച്ചിരുന്നത്. ചികിത്സ നടത്തിയിരുന്നയാൾ ചൊവ്വാഴ്ച ഇവിടെനിന്നു പോയതായി പറയുന്നു.

ഇയാൾ മന്ത്രവാദം ഉൾപ്പെടെ നടത്തിയിരുന്നത്രേ. പള്ളിയിൽ ജോലിക്കെത്തിയയാൾ പിന്നീട് ഇവിടെ താമസവും ചികിത്സയും തുടങ്ങുകയായിരുന്നു. പരാതികൾ ഉയർന്നതിനെത്തുടർന്ന് പള്ളിക്കമ്മിറ്റി ഇയാളെ പുറത്താക്കി. മരുന്നുകൾക്കൊപ്പം വിവിധ ഡോക്ടർമാരുടെ പേരുകളിലുള്ള വ്യാജ ലെറ്റർപാഡുകളും കണ്ടെത്തിയിട്ടുണ്ട്. ഇവിടെ അനധികൃതമായി മരുന്നു വില്പനയും ചികിത്സയും നടക്കുന്നതായി നാട്ടുകാർ ചാലിശേരി പോലീസിൽ പരാതി നൽകിയിരുന്നു.

പാറക്കൽപള്ളി കമ്മിറ്റി ഭാരവാഹികളുടെയും നാട്ടുകാരുടെയും പരാതിയിലാണ് ജില്ലാ ഡ്രഗ് ഇൻസ്പെക്ടർമാരായ ഡി. ദിവ്യ, എ.കെ. ലിജീഷ്, എ.കെ. ഷഫ്നാസ് എന്നിവരടങ്ങുന്ന സംഘം പരിശോധന നടത്തിയത്. പിടിച്ചെടുത്ത മരുന്നുകൾ പട്ടാമ്പി കോടതിയിൽ ഹാജരാക്കും. ഡ്രഗ് കൺട്രോൾ വിഭാഗം നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുമെന്ന് ചാലിശേരി പോലീസ് അറിയിച്ചു.

ദീപിക ക്ലാസിഫൈഡ്സ്

കൃപ സെപ്റ്റിക് ടാങ്ക് ക്ലീനിങ്
ബ്ലോക്ക്, മെയിന്റനൻസ് ജില്ലയിൽ എവിടെയും പകലും വൃത്തിയാക്കുന്നു
9656207148

ഹോം നഴ്സിംഗ്
പരിചയമുള്ള രോഗീപരിചരണം, വീട്ടുജോലി, പ്രസവശുശ്രൂഷ (സ്ത്രീ/പുരുഷൻ) വേതനം: 14000-30000 Rs). ദിവസവേതനത്തിൽ ബൈസ്റ്റാൻഡറെ ലഭിക്കുന്നതിന്.
വെസ്റ്റേൺ, തൊടുപുഴ, മുട്ടം
04862-255326, 9446813356, 9388810095
K2405-530425

കൃപ ഹോം നേഴ്സിംഗ്
രോഗീപരിചരണം (M/F), ശിശുസംരക്ഷണം, വീട്ടുജോലി, പ്രസവശുശ്രൂഷ, ഹോസ്പിറ്റൽ ബൈസ്റ്റാൻഡർ, കോവിഡ് ഡ്യൂട്ടി എന്നീ ജോലികൾക്ക് ജോലിക്കാരെ വേണ്ടവരും ജോലി വേണ്ടവരും വിളിക്കുക.
കൃപ ഹോം നേഴ്സിംഗ്, മുട്ടം
Ph: 7902857211, 9746518466
K2403-527302

The Best Education for Your Future
BHARATA MATA COLLEGE OF COMMERCE & ARTS
CHOONDY, ALUVA
UG HONOURS PROGRAMMES OFFERED
BCA (Approved by AICTE)
BBA (Approved by AICTE)
B.Com. Finance & Taxation and Logistics Management
B.Com. Financial Markets and Logistics Management
BSW Development Social Work and Medical and Psychiatric Social Work
B.Sc. Cyber Forensics Network Securtiy
APPLY NOW
GET IN TOUCH
0484-2837540
www.bmcca.edu.in
mail@bmcca.edu.in
*conditions apply
E2406-532809

നഴ്സിംഗ് & പാരാമെഡിക്കൽസ്
48 വർഷം പിന്നിട്ട ഭാരത് മാതായിൽ കേന്ദ്ര ഗവ. (NCVRT New Delhi) അംഗീകൃത രണ്ട് വർഷ തൊഴിലധിഷ്ഠിത Hospital Nursing & Midwifery, Medical Laboratory Technology, Radiology & Imaging Technology ഡിപ്ലോമ കോഴ്സുകളിൽ +2, VHSE, CBSE, any group കാർക്കും പ്രവേശനം. കോളേജ് ഹോസ്റ്റലുകളിൽ താമസം, ബാങ്ക് വായ്പ, പഠനാനന്തരം സ്റ്റൈപ്പൻഡോടുകൂടി ആശുപത്രി പരിശീലനവും ജോലിയും. ഓരോ ബാച്ചിലും 30 സീറ്റുകൾ. അഡ്മിഷന് ബന്ധപ്പെടുക.
ഭാരത് മാതാ കോളേജ്
താലൂക്ക് ആശുപത്രിക്ക് സമീപം, കുറവിലങ്ങാട്, കോട്ടയം.
www.bharathmathacollege.com
Ph: 04822-230294
9447030768, 9847630823
K2405-530833

മദ്യപാനത്തിന് സുരക്ഷിതമായ ആയുർവേദ ചികിത്സ ലഭ്യമാണ്.
Nava Care Ayurveda
Edappally
9447114567
K2406-533345

EL SOL POWER SOLUTIONS PVT LTD
78000 രൂപ ഗവൺമെന്റ് സബ്സിഡിയോടുകൂടി സോളാർ സ്ഥാപിക്കാം. കേരളത്തിൽ ഏറ്റവും കൂടുതൽ MNRE സബ്സിഡി പ്രോജക്ട് ചെയ്ത് പരിചയം.
കഴിഞ്ഞ 7 വർഷമായി, 2500 ന് മുകളിൽ കസ്റ്റമേഴ്സും തിരുവനന്തപുരം, കൊല്ലം, കോട്ടയം,എറണാകുളം, പാലക്കാട്, കോഴിക്കോട് എന്നിവിടങ്ങളിൽ ഓഫീസും.
7902222947, 7902222878
K2406-533090

Valavi & Co
Near Market Bridge
Broadway
Ernakulam
Ph: 0484 235 3765
9074885863
Mail: brovalavi@gmail.com
E2405-531294

നഴ്സിംഗ്, ലാബ്, എക്സ്-റേ, & സി.റ്റി. സ്കാൻ
പഠനാനന്തരം പ്രമുഖ ആശുപത്രികളിൽ 6000 - 7000 രൂപ വരെ സ്റ്റൈപ്പന്റോടുകൂടി പരിശീലനവും ജോലിയും ലഭിക്കുന്ന ബി.എസ്.എസ്. അംഗീകൃത കോഴ്സുകളിലേക്ക് അഡ്മിഷൻ തുടരുന്നു. ഹോസ്റ്റൽ സൗകര്യം.
സെന്റ് മേരീസ് ഇൻസ്റ്റിറ്റ്യൂട്ട്
പള്ളിക്കവല, കുറവിലങ്ങാട്
കോട്ടയം - 686633
Ph: 94474 09728, 85908 67309, 83049 22726
K2405-530831

ADMISSION OPEN
AME (Aircraft Maintenance Engineering)
Approved by Directorate General of Civil Aviation (DGCA), Govt. of India
Applications are invited from dedicated and hardworking students who have passed +2 Science or 3 Year Diploma in Aeronautical / Mechanical / Electrical / Electronics
Apply online or visit our campus for spot admission.
Web: www.riaindia.co.in • Call : 6238687190, 9400179573
• Practical training in AIESL, Trivandrum International Airport
Regional Institute of Aviation
Vedivachankovil, Pallichal, Thiruvananthapuram, Kerala 695 501
R2405-532287

RAJAGIRI VISWAJYOTHI
COLLEGE OF ARTS & APPLIED SCIENCES
VENGOOR, PERUMBAVOOR
UG HONOURS PROGRAMMES
3 Year Degree/ 4 Year Honours
MAJORS
B.Com (Hons.)
Batch 1: Finance & Taxation/ Accounting with ACCA
9 paper exemption
Batch 2
Finance & Taxation/Financial Market
Batch 3
Logistics Management/ Marketing
BA.English (Hons.)
Media Studies, Film Studies
BSc.Psychology(Hons.)
BSW(Hons.)
AICTE Approved MGU-UGP
BBA (Hons.) with Digital Marketing
BCA (Hons.) with AI & Robotic
MINORS
• Journalism & Communication
• Clinical Nutrition & dietetics
• Commerce
• Computer Application
• English
• Fitness Management
• Library & Information Science
• Multimedia • Social Work
• Psychology • Statistics
0484-2644777
+91 9048056118
admissions@rajagiriviswajyothi.org
www.rajagiriviswajyothi.org
E2406-533270

ദർഘാസ്
കൊടുങ്ങല്ലൂർ താലൂക്ക് ആശുപത്രിയിലെ ക്യാന്റീൻ ഒരു വർഷം നടത്തുന്നതിന് മുദ്രവച്ച ടെണ്ടറുകൾ ക്ഷണിച്ചു. അടങ്കൽതുക (പ്രതിമാസം) 1,25,000/- രൂപ. ടെണ്ടർ ഫോം നൽകുന്ന അവസാന തീയതി: 05/07/2024 2.00 pm. ടെണ്ടർ തുറന്നു പരിശോധിക്കുന്ന തീയതി: 10/07/2024 2.30 മണിക്ക്. ഫോമിന്റെ വില : 100/- രൂപ. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ: 0480 2812391
340/F3/2024/I&PRD
R2406-534599

കാർമ്മൽ ഹോം നേഴ്സിംഗ്
രോഗീ പരിചരണം (M/F) ശിശുസംരക്ഷണം, വീട്ടുജോലി, പ്രസവ ശുശ്രൂഷ എന്നീ ജോലികൾക്ക് ജോലിക്കാരെ വേണ്ടവരും ജോലി വേണ്ടവരും വിളിക്കുക.
കാർമ്മൽ ഹോം നേഴ്സിംഗ്
കോതമംഗലം
Govt. അംഗീകൃതം
Ph : 7558861655, 9746261685
E2406-533623

വീട്, സ്ഥലം ആവശ്യമുണ്ട്
കേരളത്തിലെ No.1 റിയൽഎസ്റ്റേറ്റ് പോർട്ടലായ realkairali.com ന് വിദേശ മലയാളികൾക്കായി സ്ഥലങ്ങൾ, വീടുകൾ, വില്ല, ഫ്ളാറ്റ്, ബിൽഡിങ്, എസ്റ്റേറ്റ് ഇടനിലക്കാരില്ലാതെ ആവശ്യമുണ്ട്.
9539 11 24 24
Z2402-522716

SSLC/+2ക്കാർക്ക് സുവർണ്ണാവസരം
GNM, BSS രണ്ടുവർഷ നഴ്സിംഗ്, ലാബ്, ഫാർമസി, ഡയാലിസിസ്, OT, X-Ray, CT & MRI, BPT കോഴ്സുകളിലേക്ക് അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. രണ്ടാം വർഷം സൗജന്യ താമസവും സ്റ്റൈഫന്റും (5000 - 8000), സുരക്ഷിതമായ ഹോസ്റ്റൽ സൗകര്യം
St. Xaviers School of Nursing
Near Bus Stand, Kuruppanthara
Ph: 9188737830, 9526668857
K2406-532811

LAW ENTRANCE COACHING
CLAT, AILET, LSAT 2025
Classes starts on 20.06.2024
Long term & Regular
Contact: Biju :+91 7902273888
Jobymol: +91 9495289591
Guiding Excellence Since 2003
ELIZABETH International
II[nd] Floor, Mareena Towers
Kattakkayam Road, PALA
elizabethinternationalpala@gmail.com
K2406-532735

കുട്ടികളുടെ ദീപിക

കേരള വാട്ടർ അതോറിറ്റി - ഇലക്ട്രോണിക് ദർഘാസ് നോട്ടീസ്

ദർഘാസ് : 02/EE/PHD/TSR/2024-25. സ്റ്റേറ്റ് പ്ലാൻ 2023-24 നെല്ലിക്കുന്ന് പൈപ്പ് ലൈൻ പദ്ധതി- പമ്പ് സെറ്റും പൈപ്പ് ലൈനുകളും മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി. നിരതദ്രവ്യം : Rs.50000/-. ടെണ്ടർ ഫീസ് : Rs. 2760/-. ദർഘാസ് സമർപ്പിക്കേണ്ട അവസാന തീയതി : 05-07-2024 03:00 pm ഫോൺ :0487 2333070. വെബ്സൈറ്റ് : www.kwa.kerala.gov.in, www.etenders.kerala.gov.in

(ഒപ്പ്) എക്സിക്യൂട്ടീവ് എഞ്ചിനീയർ
PH ഡിവിഷൻ, തൃശൂർ

KWA-JB-GL-6-136-2024-25
R2406-534604

SOUTH INDIAN Bank EXPERIENCE NEXT-GEN BANKING

Regional Office Thrissur: Platinum Jubilee Building, Civil Lane Road, Ayyanthole, Thrissur-680003. Ph: 0487-2424292, 9895099120, E-mail: ro1006@sib.co.in
Reg.Office: SIB House, TB Road, Mission Quarters, Thrissur, Kerala-680001
Ph: 0487-24200 20, 21, E-mail: sibcorporate@sib.co.in
www.southindianbank.com CIN No.: L65191KL1929PLC001017

Ref: TCR/RO/REC/SAR/SN/ABI/54/2024-25 തീയതി : 13.06.2024

ഇ – ലേല വിൽപ്പന അറിയിപ്പ്

സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫിനാഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002 ഉം സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ്, 2002ന്റെ റൂൾ 8(6) & 9(1) പ്രകാരവും പ്രസിദ്ധീകരിക്കുന്ന സ്ഥാവര വസ്തുക്കൾ വിൽപ്പനക്കായുള്ള ഇ-ലേല വിൽപ്പന അറിയിപ്പ്.

(1). **ശ്രീ. രാജേഷ് കെ.എച്ച്**, കമ്പ്രത്ത് ഹൗസ്, മുല്ലശ്ശേരി, തൃശ്ശൂർ - 680509. (2). **ശ്രീ. ജിജേഷ് കെ എ**, കൈലത്തു വളപ്പിൽ ഹൗസ്, വിദ്യാ നഗർ, പാടൂക്കാട് തുരുത്ത്, തൃശ്ശൂർ - 680010. (3). **ശ്രീ. വേണുഗോപാൽ @ വേണുഗോപാലൻ**, വെണ്ണേങ്ങോട്ട് ഹൗസ്, ശാന്തി ഗ്രാമം, മുല്ലശ്ശേരി, തൃശ്ശൂർ 680509. (4). **കുമാരി. വിനി**, വെണ്ണേങ്ങോട്ട് ഹൗസ്, ശാന്തി ഗ്രാമം, മുല്ലശ്ശേരി, തൃശ്ശൂർ - 680509

താഴെ പ്രസ്താവിക്കുന്ന സ്ഥാവര വസ്തുവഹകൾ ദി സൗത്ത് ഇൻഡ്യൻ ബാങ്ക് ലിമിറ്റഡ്, **തൃശ്ശൂർ ഹൈ റോഡ് ബ്രാഞ്ചിൽ** (സെക്യൂർഡ് ക്രെഡിറ്റർ) പണയപ്പെടുത്തിയിട്ടുള്ളതും ചുമതലപ്പെടുത്തിയ ഓഫീസർ **ഭൗതീകമായി കൈവശത്തിലെടുത്തിട്ടുള്ളതുമാണ്**. 12.06.2024 തീയതിക്ക് **രൂ. 2,80,87,663.72/– (രണ്ട് കോടി എൺപത് ലക്ഷത്തി എൺപത്തിയേഴായിരത്തി അറുനൂറ്റി അറുപത്തിമൂന്ന് രൂപ എഴുപത്തിരണ്ട് പൈസ മാത്രം) ഭാവിയിലെ പലിശയും നഷ്ടങ്ങളും ചിലവുകളും മുതലായവ അടക്കം**, മുകളിൽ സൂചിപ്പിച്ച വായ്പക്കാർ & ജാമ്യക്കാർ ആയവരിൽ നിന്നും ദി സൗത്ത് ഇൻഡ്യൻ ബാങ്ക് ലിമിറ്റഡിന്റെ തൃശ്ശൂർ ഹൈ റോഡ് ബ്രാഞ്ചിലേക്ക് ഈടാക്കി കിട്ടുന്നതിലേയ്ക്കായി "എവിടെയാണോ" "എങ്ങിനെയാണോ" "എന്തു തന്നെയായാലും അങ്ങനെതന്നെ" എന്ന വ്യവസ്ഥയിൽ **09.08.2024 ന് വിൽപ്പന** നടത്തുന്നതാണെന്ന് പൊതുജനങ്ങൾക്ക് പൊതുവായും പ്രത്യേകിച്ച് വായ്പക്കാർക്കും ഇതിനാൽ അറിയിപ്പ് നൽകുന്നു

വസ്തുവിന്റെ വിവരണം:

ഇനം നമ്പർ 1 :– വസ്തു ഉടമയുടെ പേര് : **ശ്രീ.രാജേഷ് കെ.എച്ച്.** വസ്തുവിന്റെ വിവരണം: തൃശ്ശൂർ ജില്ല, ചാവക്കാട് താലൂക്ക്, മുല്ലശ്ശേരി വില്ലേജിൽ റീ.സർവ്വെ നമ്പർ 142/13 ൽപ്പെട്ട 7.08 ആർസ് സ്ഥലവും അതോടൊപ്പം മുല്ലശ്ശേരി ഗ്രാമ പഞ്ചായത്തിൽ X/160A ഡോർ നമ്പറിൽ 3000 Sq.ft. പ്രതല വിസ്തീർണ്ണമുള്ള കെട്ടിടവും മറ്റ് എല്ലാ നിർമ്മിതികളും മെച്ചപ്പെടുത്തലുകളും വഴി അവകാശവും മറ്റ് നിലവിലുള്ള അവകാശങ്ങളും അനുബന്ധങ്ങളും അടക്കം ശ്രീ.രാജേഷ് കെ.എച്ച്. എന്നവരുടെ ഉടമസ്ഥതയിലുള്ളതും മുല്ലശ്ശേരി സബ് രജിസ്ട്രാർ ഓഫീസിൽ 12.07.2013 തീയതിയിലെ 1741/2013-ാം നമ്പർ തീറാധാരത്തിൽ കൂടുതൽ പൂർണ്ണമായി വിവരിച്ചിരിക്കുന്നതുമാണ്. അതിർത്തികൾ:- വടക്ക്: 12 അടി വഴി. തെക്ക്: ബിന്ദു & ബൈജു തുടങ്ങിയവർ വക വസ്തു. കിഴക്ക്: ഷാനിൽ, വാസു, സുനിൽ എന്നിവർ വക വസ്തു. പടിഞ്ഞാറ്: വേലായുധൻ വക വസ്തു.

കരുതൽ വില: രൂ.56,88,000/– (അമ്പത്തിയാറ് ലക്ഷത്തി എൺപത്തിയെട്ടായിരം രൂപ മാത്രം)
നിരതദ്രവ്യം: രൂ.5,68,800/– (അഞ്ച് ലക്ഷത്തി അറുപത്തിയെട്ടായിരത്തി എണ്ണൂറ് രൂപ മാത്രം)
08.08.2024 നോ അതിനുമുമ്പോ ഉച്ചതിരിഞ്ഞ് 05.00 മണിക്ക് അടയ്ക്കേണ്ടതാണ്.
ലേല വർദ്ധന : രൂ.10,000/– (പതിനായിരം രൂപ മാത്രം)
ഇ–ലേലത്തിന്റെ തീയതിയും സമയവും: 09.08.2024 രാവിലെ 10.00 മുതൽ 10.30 വരെ
(വിൽപ്പന അവസാനിക്കുന്നതുവരെ 5 മിനിറ്റ് പരിധിയില്ലാത്ത ഓട്ടോ എക്സ്റ്റൻഷനുകൾക്കൊപ്പം)
ബാങ്കിന് അറിയാവുന്ന ബാധ്യതകൾ: 01.06.1994 മുതൽ 05.06.2023 വരെയുള്ള ബാധ്യതകൾ അതിൽ ഇനിപ്പറയുന്ന എൻട്രികൾ അടങ്ങിയിരിക്കുന്നു.
(1). ഒഎസ് നമ്പർ 3136/19 ഐഎ 17107/19 തൃശ്ശൂർ മുൻസിഫ് കോടതി അറ്റാച്ച്മെന്റ്

ഇനം നമ്പർ 2 :– വസ്തു ഉടമയുടെ പേര് : **ശ്രീ.രാജേഷ് കെ.എച്ച്.** വസ്തുവിന്റെ വിവരണം: തൃശ്ശൂർ ജില്ല, ചാവക്കാട് താലൂക്ക്, മുല്ലശ്ശേരി വില്ലേജിൽ റീ.സർവ്വെ നമ്പറുകൾ 142/12 & 142/13 ൽപ്പെട്ട 7.08 ആർസ് (4.35 ആർസ് + 2.73 ആർസ്) സ്ഥലവും മറ്റ് എല്ലാ നിർമ്മിതികളും മെച്ചപ്പെടുത്തലുകളും വഴി അവകാശവും മറ്റ് നിലവിലുള്ള അവകാശങ്ങളും അനുബന്ധങ്ങളും അടക്കം ശ്രീ.രാജേഷ് കെ.എച്ച്. എന്നവരുടെ ഉടമസ്ഥതയിലുള്ളതും മുല്ലശ്ശേരി സബ് രജിസ്ട്രാർ ഓഫീസിൽ 16.01.2017 തീയതിയിലെ 89/2017-ാം നമ്പർ തീറാധാരത്തിൽ കൂടുതൽ പൂർണ്ണമായി വിവരിച്ചിരിക്കുന്നതുമാണ്. അതിർത്തികൾ:- വടക്ക്: 12 അടി വഴി. തെക്ക്: ബിന്ദു & ബൈജു വക വസ്തു. കിഴക്ക്: രാജേഷ് വക വസ്തു. പടിഞ്ഞാറ്: പദ്മിനി തുടങ്ങിയവർ വക വസ്തു.

കരുതൽ വില: രൂ.17,49,000/– (പതിനേഴ് ലക്ഷത്തി നാൽപ്പത്തിയൊമ്പതിനായിരം രൂപ മാത്രം)
നിരതദ്രവ്യം: രൂ.1,74,900/– (ഒരു ലക്ഷത്തി എഴുപത്തിനാലായിരത്തി തൊള്ളായിരം രൂപ മാത്രം)
08.08.2024 നോ അതിനുമുമ്പോ ഉച്ചതിരിഞ്ഞ് 05.00 മണിക്ക് അടയ്ക്കേണ്ടതാണ്.
ലേല വർദ്ധന : രൂ.10,000/– (പതിനായിരം രൂപ മാത്രം)
ഇ–ലേലത്തിന്റെ തീയതിയും സമയവും: 09.08.2024 രാവിലെ 10.30 മുതൽ 11.00 വരെ
(വിൽപ്പന അവസാനിക്കുന്നതുവരെ 5 മിനിറ്റ് പരിധിയില്ലാത്ത ഓട്ടോ എക്സ്റ്റൻഷനുകൾക്കൊപ്പം)
ബാങ്കിന് അറിയാവുന്ന ബാധ്യതകൾ: 01.06.1994 മുതൽ 05.06.2023 വരെയുള്ള ബാധ്യതകൾ ഇതിൽ ഒരു ബാധ്യതയും അടങ്ങിയിട്ടില്ല

ഇനം നമ്പർ 3 :– വസ്തു ഉടമയുടെ പേര്: **ശ്രീ.വേണുഗോപാൽ വി.എസ്.** വസ്തുവിന്റെ വിവരണം: തൃശ്ശൂർ ജില്ല, ചാവക്കാട് താലൂക്ക്, മുല്ലശ്ശേരി വില്ലേജിൽ സർവ്വെ നമ്പർ 108/5 ൽപ്പെട്ട 5.60 ആർസ് സ്ഥലവും അതോടൊപ്പം മുല്ലശ്ശേരി ഗ്രാമ പഞ്ചായത്തിൽ XI/145 ഡോർ നമ്പറിൽ ഏകദേശം 1500 Sq.ft. പ്രതല വിസ്തീർണ്ണമുള്ള കെട്ടിടവും മറ്റ് എല്ലാ നിർമ്മിതികളും മെച്ചപ്പെടുത്തലുകളും നിലവിലുള്ള അവകാശങ്ങളും അനുബന്ധങ്ങളും അടക്കം ശ്രീ.വേണുഗോപാൽ വി.എസ്. എന്നവരുടെ ഉടമസ്ഥതയിലുള്ളതും മുല്ലശ്ശേരി സബ് രജിസ്ട്രാർ ഓഫീസിൽ 21.09.1992 തീയതിയിലെ 1905/92-ാം നമ്പർ തീറാധാരത്തിൽ കൂടുതൽ പൂർണ്ണമായി വിവരിച്ചിരിക്കുന്നതുമാണ്. അതിർത്തികൾ:- വടക്ക്: പഞ്ചായത്ത് റോഡ്. തെക്ക്: വനിത് വക വസ്തു. കിഴക്ക്: ഗോവിന്ദൻ വക വസ്തു. പടിഞ്ഞാറ്: വർഗീസ് വക വസ്തു.

കരുതൽ വില: രൂ.31,32,000/– (മുപ്പത്തിയൊന്ന് ലക്ഷത്തി മുപ്പത്തിരണ്ടായിരം രൂപ മാത്രം)
നിരതദ്രവ്യം: രൂ.3,13,200/– (മൂന്ന് ലക്ഷത്തി പതിമൂന്നായിരത്തി ഇരുന്നൂറ് രൂപ മാത്രം)
08.08.2024 നോ അതിനുമുമ്പോ ഉച്ചതിരിഞ്ഞ് 05.00 മണിക്ക് അടയ്ക്കേണ്ടതാണ്.
ലേല വർദ്ധന : രൂ.10,000/– (പതിനായിരം രൂപ മാത്രം)
ഇ–ലേലത്തിന്റെ തീയതിയും സമയവും: 09.08.2024 രാവിലെ 11.00 മുതൽ 11.30 വരെ
(വിൽപ്പന അവസാനിക്കുന്നതുവരെ 5 മിനിറ്റ് പരിധിയില്ലാത്ത ഓട്ടോ എക്സ്റ്റൻഷനുകൾക്കൊപ്പം)
ബാങ്കിന് അറിയാവുന്ന ബാധ്യതകൾ: 05.07.1993 മുതൽ 04.07.2023 വരെയുള്ള ബാധ്യതകൾ ഇതിൽ ഒരു ബാധ്യതയും അടങ്ങിയിട്ടില്ല

ലേല വിൽപ്പനയുടെ വിശദമായ നിബന്ധനകൾക്കും വ്യവസ്ഥകൾക്കുമായി സൗത്ത് ഇൻഡ്യൻ ബാങ്ക് ലിമിറ്റഡ് (സെക്യൂർഡ് ക്രെഡിറ്റർ) വെബ്സൈറ്റിൽ നൽകിയിരിക്കുന്ന വെബ് പോർട്ടലിലുള്ള ലിങ്ക് പരിശോധിക്കുക, www.southindianbank.com വെബ്സൈറ്റിലും info@bankauctions.in എന്ന വിലാസത്തിലും വിശദാംശങ്ങൾ ലഭ്യമാണ്.

വസ്തുവിന്റെ പരിശോധന, ഇ-ലേലത്തിന്റെ നിബന്ധനകളും വ്യവസ്ഥകളും അല്ലെങ്കിൽ ലേലം സമർപ്പിക്കൽ എന്നിവയുമായി ബന്ധപ്പെട്ട കൂടുതൽ വ്യക്തതയ്ക്ക്, പ്രവൃത്തിസമയത്ത് ചുമതലപ്പെടുത്തിയ ഓഫീസറുമായോ (ടെലി.നമ്പർ: 8921077601) സൗത്ത് ഇൻഡ്യൻ ബാങ്ക് ലിമിറ്റഡ്, തൃശ്ശൂർ ഹൈ റോഡ് ബ്രാഞ്ചുമായോ ബന്ധപ്പെടുക.

ചുമതലപ്പെടുത്തിയ ഓഫീസർ
ദി സൗത്ത് ഇൻഡ്യൻ ബാങ്ക് ലിമിറ്റഡ്

തീയതി: 13.06.2024 സ്ഥലം: തൃശ്ശൂർ

T2406-534609

SOUTH INDIAN Bank EXPERIENCE NEXT-GEN BANKING

Regional Office Thrissur: Platinum Jubilee Building, Civil Lane Road, Ayyanthole, Thrissur-680003. Ph: 0487-2424292, 9895099120, E-mail: ro1006@sib.co.in
Reg.Office: SIB House, TB Road, Mission Quarters, Thrissur, Kerala-680001
Ph: 0487-24200 20, 21, E-mail: sibcorporate@sib.co.in
www.southindianbank.com CIN No.: L65191KL1929PLC001017

Ref: TCR/RO/REC/SAR/SN/ABI/52/2024-25 തീയതി : 13.06.2024

ഇ – ലേല വിൽപ്പന അറിയിപ്പ്

സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫിനാഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002 ഉം സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ്, 2002ന്റെ റൂൾ 8(6) & 9(1) പ്രകാരവും പ്രസിദ്ധീകരിക്കുന്ന സ്ഥാവര വസ്തുക്കൾ വിൽപ്പനക്കായുള്ള ഇ-ലേല വിൽപ്പന അറിയിപ്പ്.

വായ്പക്കാർ/ജാമ്യക്കാർ :- (1).**ശ്രീമതി. ദിവ്യ സുജിത്ത്** (2).**ശ്രീ. സുജിത്ത് രാമകൃഷ്ണൻ**, ഇരുവരുടെയും വിലാസം: തോട്ടപ്പറമ്പിൽ ഹൗസ്, തൃത്തല്ലൂർ പോസ്റ്റ്, തൃശ്ശൂർ - 680619

താഴെ പ്രസ്താവിക്കുന്ന സ്ഥാവര വസ്തുവഹകൾ ദി സൗത്ത് ഇൻഡ്യൻ ബാങ്ക് ലിമിറ്റഡ്, **പൂങ്കുന്നം ബ്രാഞ്ചിൽ** (സെക്യൂർഡ് ക്രെഡിറ്റർ) പണയപ്പെടുത്തിയിട്ടുള്ളതും ചുമതലപ്പെടുത്തിയ ഓഫീസർ **ഭൗതീകമായി കൈവശത്തിലെടുത്തിട്ടുള്ളതുമാണ്**. 12.06.2024-ാം തീയതിക്ക് **രൂ. 2,09,66,297.99/– (രണ്ട് കോടി ഒമ്പത് ലക്ഷത്തി അറുപത്തിയാറായിരത്തി ഇരുന്നൂറ്റി തൊണ്ണൂറ്റിയേഴ് രൂപ തൊണ്ണൂറ്റിയൊമ്പത് പൈസ മാത്രം) ഭാവിയിലെ പലിശയും നഷ്ടങ്ങളും ചിലവുകളും മുതലായവ അടക്കം**, മുകളിൽ സൂചിപ്പിച്ച വായ്പക്കാർ & ജാമ്യക്കാർ ആയവരിൽ നിന്നും ദി സൗത്ത് ഇൻഡ്യൻ ബാങ്ക് ലിമിറ്റഡിന്റെ പൂങ്കുന്നം ബ്രാഞ്ചിലേക്ക് ഈടാക്കി കിട്ടുന്നതിലേയ്ക്കായി "എവിടെയാണോ" "എങ്ങിനെയാണോ" "എന്തുതന്നെയായാലും അങ്ങനെതന്നെ" എന്ന വ്യവസ്ഥയിൽ **02.08.2024 ന് വിൽപ്പന** നടത്തുന്നതാണെന്ന് പൊതുജനങ്ങൾക്ക് പൊതുവായും പ്രത്യേകിച്ച് വായ്പക്കാർക്കും ഇതിനാൽ അറിയിപ്പ് നൽകുന്നു

വസ്തുവിന്റെ വിവരണം:

വസ്തു ഉടമയുടെ പേര്: **ശ്രീ. സുജിത്ത് രാമകൃഷ്ണൻ.** സ്ഥാവര വസ്തുക്കളുടെ വിവരണം: തൃശ്ശൂർ ജില്ല, തലപ്പിള്ളി താലൂക്ക്, ഏങ്കക്കാട് വില്ലേജിൽ പഴയ സർവ്വെ നമ്പർ 686/p, 683/p, 682/1p, 681/2p, റീ. സർവ്വെ നമ്പർ 301/1 ൽപ്പെട്ട 30.95 ആർസ് (2.35 ആർസ്+4.70 ആർസ്+15.95 ആർസ്+7.95 ആർസ്) സ്ഥലവും അതോടൊപ്പം 2400 Sq.ft. (ഏകദേശം) നിർമ്മിതി വിസ്തീർണ്ണമുള്ള കെട്ടിടവും മറ്റ് എല്ലാ നിർമ്മിതികളും മെച്ചപ്പെടുത്തലുകളും നിലവിലുള്ള അവകാശങ്ങളും അനുബന്ധങ്ങളും അടക്കം സുജിത്ത് രാമകൃഷ്ണൻ എന്നവരുടെ ഉടമസ്ഥതയിലുള്ളതും വടക്കാഞ്ചേരി സബ് രജിസ്ട്രാർ ഓഫീസിൽ 09.01.2018 തീയതിയിലെ 98/2018-ാം നമ്പർ തീറാധാരത്തിൽ കൂടുതൽ പൂർണ്ണമായി വിവരിച്ചിരിക്കുന്നതുമാണ്. അതിർത്തികൾ:- വടക്ക്: റോഡും നബീസ വക വസ്തുവും മുതലായവ. തെക്ക്: ജാബിർ വക വസ്തുവും മുതലായവ. കിഴക്ക്: വഴിയും ഹുസൈൻ വക വസ്തുവും മുതലായവ. പടിഞ്ഞാറ്: വഴിയും ബഷീർ വക വസ്തുവും മുതലായവ.

കരുതൽ വില: രൂ.1,89,21,000/–
(ഒരു കോടി എൺപത്തിയൊമ്പത് ലക്ഷത്തി ഇരുപത്തിയൊന്നായിരം രൂപ മാത്രം)
നിരതദ്രവ്യം (EMD): രൂ.18,92,100/–
(പതിനെട്ട് ലക്ഷത്തി തൊണ്ണൂറ്റിരണ്ടായിരത്തി ഒരുനൂറ് രൂപ മാത്രം)
വൈകീട്ട് 05.00 ന് 01.08.2024 നോ അതിനുമുമ്പോ അടയ്ക്കേണ്ടതാണ്
ലേല വർദ്ധന : രൂ.10,000/– (പതിനായിരം രൂപ മാത്രം)
ഇ–ലേലത്തിന്റെ തീയതിയും സമയവും: 02.08.2024 രാവിലെ 10.30 മുതൽ രാവിലെ 11.00 വരെ
(വിൽപ്പന അവസാനിക്കുന്നതുവരെ 5 മിനിറ്റ് പരിധിയില്ലാത്ത ഓട്ടോ എക്സ്റ്റൻഷനുകൾക്കൊപ്പം)
ബാങ്കിന് അറിയാവുന്ന ബാധ്യതകൾ:
ചുമതലപ്പെടുത്തിയ ഓഫീസർ 01.01.1995 മുതൽ 17.03.2024 വരെ വസ്തുവിനെ സംബന്ധിച്ച് EC/ തിരയൽ റിപ്പോർട്ട് നേടിയിട്ടുണ്ട്, അതിൽ യാതൊരു ബാധ്യതയും ഇല്ല.

ലേല വിൽപ്പനയുടെ വിശദമായ നിബന്ധനകൾക്കും വ്യവസ്ഥകൾക്കുമായി സൗത്ത് ഇൻഡ്യൻ ബാങ്ക് ലിമിറ്റഡ് (സെക്യൂർഡ് ക്രെഡിറ്റർ) വെബ്സൈറ്റിൽ നൽകിയിരിക്കുന്ന വെബ് പോർട്ടലിലുള്ള ലിങ്ക് പരിശോധിക്കുക, www.southindianbank.com വെബ്സൈറ്റിലും വിശദാംശങ്ങൾ https://bankauctions.in/ എന്നതിലും ലഭ്യമാണ്

വസ്തുവിന്റെ പരിശോധന, ഇ-ലേലത്തിന്റെ നിബന്ധനകളും വ്യവസ്ഥകളും അല്ലെങ്കിൽ ലേലം സമർപ്പിക്കൽ എന്നിവയുമായി ബന്ധപ്പെട്ട കൂടുതൽ വ്യക്തതയ്ക്ക്, പ്രവൃത്തിസമയത്ത് ചുമതലപ്പെടുത്തിയ ഓഫീസറുമായോ (ടെലി.നമ്പർ: 8921077601) സൗത്ത് ഇൻഡ്യൻ ബാങ്ക് ലിമിറ്റഡ്, പൂങ്കുന്നം ബ്രാഞ്ചുമായോ ബന്ധപ്പെടുക.

ചുമതലപ്പെടുത്തിയ ഓഫീസർ
ദി സൗത്ത് ഇൻഡ്യൻ ബാങ്ക് ലിമിറ്റഡ്

തീയതി: 13.06.2024 സ്ഥലം: തൃശ്ശൂർ

T2406-534610

यूनियन बैंक Union Bank of India

യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, റീജിയണൽ ഓഫീസ്, തൃശ്ശൂർ
RIED സ്ക്വയർ, ബിൽഡിംഗ് നം.67/2, അരണാട്ടുകര റോഡ്, ചുങ്കം ജംഗ്ഷൻ, വെസ്റ്റ് ഫോർട്ട്, തൃശ്ശൂർ-680004

ഡിമാന്റ് നോട്ടീസ് — സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002 ലെ സെക്ഷൻ 13 (3) ൽ സെക്ഷൻ 13(2) പ്രകാരമുള്ള നോട്ടീസ്

ഞങ്ങളുടെ താഴെ കൊടുത്തിരിക്കുന്ന ശാഖകളിലെ അക്കൗണ്ടിലെ കുടിശ്ശിക തുക തിരിച്ചടയ്ക്കുന്നതിൽ വീഴ്ച വരുത്തിയിരിക്കുന്നത് മൂലം ടി അക്കൗണ്ടുകൾ നിഷ്ക്രിയ ആസ്തിയായി മാറ്റിയിരിക്കുന്ന കാര്യം അറിയിക്കുന്നു. ഞങ്ങളുടെ ശാഖയിലുള്ള നിങ്ങളുടെ അക്കൗണ്ടിലെ താഴെ കൊടുത്തിരിക്കുന്ന കുടിശ്ശിക തുകകൾ തിരിച്ചടയ്ക്കാനുണ്ട്.

1. വായ്പക്കാർ/ജാമ്യക്കാരുടെ പേരും വിലാസവും: വായ്പക്കാർ: (1എ) **M/s. ഐസ്ബർഗ് ഡിസ്ട്രിബ്യൂട്ടേഴ്സ് & ഇവന്റ് മാനേജ്മെന്റ്**, 13/581, കോങ്ങാട് പഞ്ചായത്ത്, കോങ്ങാട്, പാലക്കാട്-678731, (1ബി) **ശ്രീ. ഫൈസൽ. എം.എ**, പാർട്ണർ, M/s. ഐസ്ബർഗ് ഡിസ്ട്രിബ്യൂട്ടേഴ്സ് & ഇവന്റ് മാനേജ്മെന്റ്, S/o. അബ്ദുൽ കുട്ടി, മുല്ലം പറമ്പിൽ, ഉണ്ണീരംകുന്ന്, പിരായിരി, പാലക്കാട്-678004, (1സി) **ശ്രീ. അസീം സുഹൈൽ. എസ്**, പാർട്ണർ, M/s. ഐസ്ബർഗ് ഡിസ്ട്രിബ്യൂട്ടേഴ്സ് & ഇവന്റ് മാനേജ്മെന്റ്, S/o. ഷെരീഫ്. ബി, 2/713, വരിയംപറമ്പ് ഹൗസ്, അമരാവതി ഗാർഡൻ, കല്ലേക്കാട്, പാലക്കാട്, ജാമ്യക്കാരനായ (2). **ശ്രീ. എം. കാസിം**, S/o. മുഹമ്മദ്, തസ്ലീമ മൻസിൽ, ധോണി, അകത്തേത്തറ, പാലക്കാട്-678009.

വായ്പാ ഇനവും വായ്പാ നമ്പരും: ടേം വായ്പ 478906440000133	31-05-2024 ലെ കുടിശ്ശിക തുക: രൂപ 3,58,121.08 (മൂന്ന് ലക്ഷത്തി അൻപത്തെട്ടായിരത്തി ഒരുനൂറ്റി ഇരുപത്തൊന്ന് രൂപ എട്ട് പൈസ)(രൂപ 3,40,187/- + പലിശ രൂപ 16,634.08 + മറ്റ് ചെലവുകൾ രൂപ 1,300/-)	പണയ വസ്തുവിന്റെ വിവരണം: പാലക്കാട് ജില്ലയിൽ, പാലക്കാട് താലൂക്കിൽ, അകത്തേത്തറ വില്ലേജിൽ, ബ്ലോക്ക് നം. 25, തണ്ടപ്പേർ നം. 367, പഴയ സർവേ നം. 25/1A, റീ സർവേ നം. 54/3 ൽ പെട്ട ശ്രീ. എം. കാസിം വക 0.0202 ഹെക്ടർ സ്ഥലവും അതിലിരിപ്പ് താമസയോഗ്യമായ ഡോർ നം. 1/70 കെട്ടിടവും അതിലുളള സകലവിധ അവകാശങ്ങളും കൂടിയാകുന്നു. **അതിരുകൾ:** കിഴക്ക്: തീർച്ചപ്പെടുത്തിയ ആളിന്റെ വസ്തു (ലൊക്കേഷൻ സർട്ടിഫിക്കേറ്റ് പ്രകാരം കൃഷ്ണൻ വക വസ്തു; **പടിഞ്ഞാറ്:** സുരേഷ് വക വസ്തു (സുലോചന കൈവശം വസ്തു); **വടക്ക്:** 6 അടി വീതി റോഡ്; **തെക്ക്:** തീർച്ചപ്പെടുത്തിയ ആളിന്റെ വസ്തു (ബാലചന്ദ്രൻ വക വസ്തു)
ശാഖ: ഹേമാംബിക നഗർ	ഡിമാന്റ് നോട്ടീസ് തീയതി: 10-06-2024; നിഷ്ക്രിയ ആസ്തിയായ തീയതി: 30-04-2024	

2. വായ്പക്കാർ/ജാമ്യക്കാരുടെ പേരും വിലാസവും: വായ്പക്കാർ: (1എ) **ശ്രീമതി സുഷമ. സി.പി**, (1ബി) **ശ്രീ. എം. സതീഷ്കുമാർ**, ഇരുവരും താമസം: ഡോർ നം. VII/87, ചേർപ്പ് ഗ്രാമപഞ്ചായത്ത്, ഊരകം വില്ലേജ്, തൃശ്ശൂർ-680562.

വായ്പാ ഇനവും വായ്പാ നമ്പരും: ടേം വായ്പ - ഭവനം 339206650046661	31-05-2024 ലെ കുടിശ്ശിക തുക: രൂപ 25,06,080.51 (ഇരുപത്തഞ്ച് ലക്ഷത്തി ആറായിരത്തി എൺപത് രൂപ അൻപത്തൊന്ന് പൈസ)(രൂപ 24,22,677.77 + പലിശ രൂപ 83,402.74)	പണയ വസ്തുവിന്റെ വിവരണം: തൃശ്ശൂർ ജില്ലയിൽ, തൃശ്ശൂർ താലൂക്കിൽ, ഊരകം വില്ലേജിൽ, റീ സർവേ നം. 478/3 ൽ പെട്ട ശ്രീമതി സുഷമ. സി.പി, ശ്രീ. എം. സതീഷ്കുമാർ എന്നിവർ വക 0.0972 ഹെക്ടർ (24.00 സെന്റ്) സ്ഥലവും അതിലിരിപ്പ് താമസയോഗ്യമായ ഡോർ നം. VII/87 കെട്ടിടവും അതിലുളള സകലവിധ അവകാശങ്ങളും കൂടിയാകുന്നു. **അതിരുകൾ:** കിഴക്ക്: മോഹനൻ വക വസ്തു; **പടിഞ്ഞാറ്:** സ്വകാര്യ റോഡും മാധവൻ വക വസ്തുവും; **വടക്ക്:** സദാനന്ദൻ വക വസ്തു; **തെക്ക്:** മാധവൻ വക വസ്തു
ശാഖ: ചേർപ്പ്	ഡിമാന്റ് നോട്ടീസ് തീയതി: 06-06-2024; നിഷ്ക്രിയ ആസ്തിയായ തീയതി: 29-05-2024	

3. വായ്പക്കാർ/ജാമ്യക്കാരുടെ പേരും വിലാസവും: വായ്പക്കാർ: (1). **ശ്രീ. മണികണ്ഠൻ**, ചെറുകാലിപൊൻകയിൽ, മൂക്കുതല, നന്നംമുക്ക്, പിടവന്നൂർ, എടപ്പാൾ-679574, ജാമ്യക്കാരിയായ (2). **ശ്രീമതി രമ. പി**, ചാലിൽ പുത്തൻവീട്ടിൽ, കോതൊള്ളിക്കുന്ന്, കടവല്ലൂർ, തൃശ്ശൂർ-680543.

വായ്പാ ഇനവും വായ്പാ നമ്പരും: ടേം വായ്പ 703206650000141	30-04-2024 ലെ കുടിശ്ശിക തുക: രൂപ 7,05,644.64 (ഏഴ് ലക്ഷത്തി അയ്യായിരത്തി അറുന്നൂറ്റിനാൽപ്പത്തിനാല് രൂപ അറുപത്തിനാല് പൈസ) (രൂപ 6,79,878.81 + പലിശ രൂപ 21,371.83 + മറ്റ് ചെലവുകൾ രൂപ 4,394/-)	പണയ വസ്തുവിന്റെ വിവരണം: മലപ്പുറം ജില്ലയിൽ, പൊന്നാനി താലൂക്കിൽ, നന്നംമുക്ക് വില്ലേജിൽ, സർവേ നം. 111/2-8, 111/2-11 ൽ പെട്ട ശ്രീ. മണികണ്ഠൻ വക 1.16+1.01 ആർ (2.17 ആർ) സ്ഥലവും അതിലിരിപ്പ് താമസയോഗ്യമായ കെട്ടിടവും അതിലുളള സകലവിധ അവകാശങ്ങളും കൂടിയാകുന്നു. **അതിരുകൾ:** കിഴക്ക്: മാധവൻ വക വസ്തു; **പടിഞ്ഞാറ്:** ശശി, മറ്റുള്ളവർ വക വസ്തുവും കിണറിലേക്കുള്ള പാതയും; **വടക്ക്:** കുഞ്ഞൻകുട്ടി വക വസ്തുവും കിണറിലേക്കുള്ള പാതയും; **തെക്ക്:** റോഡ്.
ശാഖ: എടപ്പാൾ	ഡിമാന്റ് നോട്ടീസ് തീയതി: 03-05-2024 • നിഷ്ക്രിയ ആസ്തിയായ തീയതി: 02-04-2024	

4. വായ്പക്കാർ/ജാമ്യക്കാരുടെ പേരും വിലാസവും: വായ്പക്കാർ: (1എ) **M/s. കെയ്സൻ മോട്ടേഴ്സ്**, 31/900-11, കെ.എസ്.ആർ.ടി.സി. സ്റ്റാൻഡിന് പുറകെ, ജയമാതാ കോളേജിന് എതിരെ, കെ.എസ്.ആർ.ടി.സി. ബൈപാസ് റോഡ്, പാലക്കാട്-678004, പ്രതിനിധീകരിച്ച് പാർട്ണർ (1ബി) **ശ്രീ. അബ്ദുൾ ഷെറിൻ**, S/o. മുഹമ്മദ് മുസ്തഫ. പി.എൻ, 39/1027, ഷെറിൻ, വൃന്ദാവൻ കോളനി, പാലക്കാട്-678001, (1സി) **ശ്രീമതി ഖദീജ. പി.വി**, W/o. മുഹമ്മദ് മുസ്തഫ. പി.എൻ, 39/1027, ഷെറിൻ, വൃന്ദാവൻ കോളനി, പാലക്കാട്-678001 ജാമ്യക്കാരായ (2എ) **ശ്രീ. മുഹമ്മദ് ബഷീർ. പി.എൻ**, S/o. സാറ ഉമ്മ, 10/228, ഷബ്ന മൻസിൽ, നടുവക്കാട്, കണ്ണാടി. പി.ഒ., പാലക്കാട്-678001, (2ബി) **ശ്രീ. മുഹമ്മദ് മുസ്തഫ. പി.എൻ**, S/o. നൂർ മുഹമ്മദ്, 39/1027, ഷെറിൻ, വൃന്ദാവൻ കോളനി, പാലക്കാട്-678001.

വായ്പാ ഇനവും വായ്പാ നമ്പരും: ക്യാഷ് ക്രെഡിറ്റ് 348005110000101; യു.ജി.ഇ.സി.എൽ 348006990000093; ജി.സി.എൽ.ഇ1 348006990000108	31-05-2024 ലെ കുടിശ്ശിക തുക: രൂപ 43,92,980.83 (നാൽപ്പത്തിമൂന്ന് ലക്ഷത്തി തൊണ്ണൂറ്റിരണ്ടായിരത്തി തൊള്ളായിരത്തിഎൺപത് രൂപ എൺപത്തിമൂന്ന് പൈസ) (രൂപ 39,03,708.33 + രൂപ 1,36,957.50 + രൂപ 3,52,315/-) യും പലിശയും മറ്റു ചെലവുകളും	പണയ വസ്തുവിന്റെ വിവരണം: വസ്തു - 1: പാലക്കാട് ജില്ലയിൽ, പാലക്കാട് താലൂക്കിൽ, കണ്ണാടി I വില്ലേജിൽ, സർവേ നം. 498/2 ൽ പെട്ട ശ്രീ. മുഹമ്മദ് ബഷീർ. പി.എൻ വക 8.12 സെന്റ് സ്ഥലവും അതിലിരിപ്പ് താമസയോഗ്യമായ ഡോർ നം. 10/228 കെട്ടിടവും അതിലുളള സകലവിധ അവകാശങ്ങളും കൂടിയാകുന്നു. **അതിരുകൾ:** കിഴക്ക്: പി.എൻ. കുഞ്ഞുമുഹമ്മദ് വക തരിശ് ഭൂമി; **പടിഞ്ഞാറ്:** കെ.കെ. അപ്പുക്കുട്ടൻ വക വസ്തു; **വടക്ക്:** പി.കെ. കൃഷ്ണൻകുട്ടി വക വസ്തുക്കൾ; **തെക്ക്:** പി.എൻ. കുഞ്ഞുമുഹമ്മദ് വക തരിശ് ഭൂമിയും 4 മീറ്റർ റോഡും. **വസ്തു - 2:** പാലക്കാട് ജില്ലയിൽ, പാലക്കാട് താലൂക്കിൽ, പാലക്കാട് III വില്ലേജിൽ, സർവേ നം. 2472, 2471B2 ൽ പെട്ട ശ്രീ. മുഹമ്മദ് മുസ്തഫ. പി.എൻ വക 5 സെന്റ് സ്ഥലവും അതിലിരിപ്പ് താമസയോഗ്യമായ ഡോർ നം. 39/1207 കെട്ടിടവും അതിലുളള സകലവിധ അവകാശങ്ങളും കൂടിയാകുന്നു. **അതിരുകൾ:** കിഴക്ക്: ഭാസ്കരൻ വക വസ്തു; **പടിഞ്ഞാറ്:** വി.എ. മേനോൻ വക വസ്തു; **വടക്ക്:** ശ്രീ. കൃഷ്ണദാസ് വക വസ്തുവും മുനിസിപ്പൽ റോഡും; **തെക്ക്:** ഡോ. രാജഗോപാലൻ, മറ്റുള്ളവർ വക വസ്തു.
ശാഖ: പാലക്കാട് മെയിൻ	ഡിമാന്റ് നോട്ടീസ് തീയതി: 06-06-2024; നിഷ്ക്രിയ ആസ്തിയായ തീയതി: 14-05-2024	

5. വായ്പക്കാർ/ജാമ്യക്കാരുടെ പേരും വിലാസവും: വായ്പക്കാർ: (1എ) **M/s. അയ്യപ്പ ബിൽഡേഴ്സ്**, 18/236, മെയിൻ റോഡ്, നല്ലേപ്പുള്ളി. പി.ഒ., പാലക്കാട്-678553, (1ബി) **ശ്രീ. വിനുകുമാർ. എസ്.പി**, പ്രൊപ്രൈറ്റർ, M/s. അയ്യപ്പ ബിൽഡേഴ്സ്, S/o. ശങ്കർ, ജാമ്യക്കാരായ (2എ) **ശ്രീമതി സിന്ധു**, W/o. വിനുകുമാർ. എസ്.പി., (2ബി) **ശ്രീമതി ആശാകുമാരി. ജി.പി**, W/o. ശങ്കർ, ഇരുവരും താമസം: ഹരി നിവാസ്, ആഗ്രഹാരം, നല്ലേപ്പുള്ളി, നല്ലേപ്പുള്ളി. പി.ഒ., പാലക്കാട്-678553.

വായ്പാ ഇനവും വായ്പാ നമ്പരും: ടേം വായ്പ 560716000003493	30-04-2024 ലെ കുടിശ്ശിക തുക: രൂപ 6,36,289.47 (ആറ് ലക്ഷത്തി മുപ്പത്താറായിരത്തി ഇരുന്നൂറ്റി എൺപത്തൊൻപത് രൂപ നാൽപ്പത്തേഴ് പൈസ) (രൂപ 6,04,688.89 + പലിശ രൂപ 20,121.58 + മറ്റ് ചെലവുകൾ രൂപ 11,479/-)	പണയ വസ്തുവിന്റെ വിവരണം: പാലക്കാട് ജില്ലയിൽ, ചിറ്റൂർ താലൂക്കിൽ, നല്ലേപ്പുള്ളി വില്ലേജിൽ, പഴയ സർവേ നം. 1136/3, റീ സർവേ നം. 367/4 ൽ പെട്ട ശ്രീമതി ആശാകുമാരി വക 2.43 ആർ സ്ഥലവും അതിലിരിപ്പ് താമസയോഗ്യമായ കെട്ടിടവും അതിലുളള സകലവിധ അവകാശങ്ങളും കൂടിയാകുന്നു. **അതിരുകൾ:** കിഴക്ക്: ലളിത കൃഷ്ണ അയ്യർ വക വസ്തു; **പടിഞ്ഞാറ്:** വെങ്കിട്ട കൃഷ്ണ അയ്യർ വക വസ്തു; **വടക്ക്:** ഗ്രാമവീഥി; **തെക്ക്:** ലളിത കൃഷ്ണ അയ്യർ വക വസ്തു
ശാഖ: കൊടുമ്പ്	ഡിമാന്റ് നോട്ടീസ് തീയതി: 16-05-2024; നിഷ്ക്രിയ ആസ്തിയായ തീയതി: 30-04-2024	

6. വായ്പക്കാർ/ജാമ്യക്കാരുടെ പേരും വിലാസവും: വായ്പക്കാർ: (1എ) **ശ്രീമതി റംഷീദ. എസ്**, (1ബി) **ശ്രീ. ഷാഫർ ഷാ**, ഇരുവരും താമസം: കോട്ടേക്കാട് ഹൗസ്, ജുമാ മസ്ജിദ് ജംഗ്ഷന് സമീപം, സൗത്ത് കാരപ്പോട്ട റോഡ്, കണ്ണമ്പ്ര-I, പാലക്കാട്-678686, ജാമ്യക്കാരിയായ (2) **ശ്രീമതി റഹീമ. സി.എം**, W/o. ഷഹാബുദ്ദീൻ, കരിയക്കുന്ന്, പുതുക്കോട്, പാലക്കാട്-678687.

വായ്പാ ഇനവും വായ്പാ നമ്പരും: ടേം വായ്പ - ഭവനം 611206650000153	31-05-2024 ലെ കുടിശ്ശിക തുക: രൂപ 5,08,724.37 (അഞ്ച് ലക്ഷത്തി എട്ടായിരത്തി എഴുന്നൂറ്റിഇരുപത്തിനാല് രൂപ മുപ്പത്തേഴ് പൈസ)(രൂപ 4,89,847.54 + പലിശ രൂപ 18,876.82)	പണയ വസ്തുവിന്റെ വിവരണം: പാലക്കാട് ജില്ലയിൽ, ആലത്തൂർ താലൂക്കിൽ, കണ്ണമ്പ്ര-I വില്ലേജിൽ, തണ്ടപ്പേർ നം. 4091, ബ്ലോക്ക് നം. 35, പഴയ സർവേ നം. 142J/1, റീ സർവേ നം. 159/20 ൽ പെട്ട ശ്രീമതി റംഷീദ. എസ് വക 1.52 ആർ (3.75 സെന്റ്) സ്ഥലവും അതിലിരിപ്പ് കെട്ടിടവും അതിലുളള സകലവിധ അവകാശങ്ങളും കൂടിയാകുന്നു. **അതിരുകൾ:** കിഴക്ക്: ശ്രീനിവാസൻ വക വസ്തു; **പടിഞ്ഞാറ്:** പഞ്ചായത്ത് റോഡ്; **വടക്ക്:** പരമേശ്വരൻ വക വസ്തു; **തെക്ക്:** 4 അടി വീതി പാത.
ശാഖ: വടക്കഞ്ചേരി (യു.ബി.ഐ)	ഡിമാന്റ് നോട്ടീസ് തീയതി: 10-06-2024; നിഷ്ക്രിയ ആസ്തിയായ തീയതി: 06-05-2024	

ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും ഇതനുസരിച്ച് എന്തെങ്കിലും തുക നിങ്ങൾ അടയ്ക്കുകയോ ബാധ്യതകൾ തീർക്കുകയോ ചെയ്തിട്ടില്ല. അതിനാൽ സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസെറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002 സെക്ഷൻ 13(2)ലെ ചട്ടങ്ങൾ അനുസരിച്ച് നിങ്ങൾ സമർപ്പിച്ചിരിക്കുന്ന വായ്പാ രേഖകളിലെ വ്യവസ്ഥകളനുസരിച്ചുള്ള കുടിശ്ശിക തുകയും പ്രതിമാസ പലിശ സഹിതം, ഈ അറിയിപ്പ് ലഭിച്ച് 60 ദിവസങ്ങൾക്കുള്ളിൽ പൂർണ്ണമായും അടച്ചുതീർക്കണമെന്ന് ഇതിനാൽ ഞങ്ങൾ ആവശ്യപ്പെടുന്നു.

ഈ നോട്ടീസ് കൈപ്പറ്റി കഴിഞ്ഞാൽ ആക്ട് സെക്ഷൻ 13(13) അനുസരിച്ചു മേൽപ്പറഞ്ഞ സ്വത്തുവകകൾ ബാങ്കിന്റെ സമ്മതം കൂടാതെ വിൽക്കുകയോ മറ്റ് ഇടപാടുകൾക്ക് വിധേയമാക്കുകയോ ചെയ്യാൻ പാടുള്ളതല്ലെന്നും ഓർമ്മിപ്പിക്കുന്നു. ഈ സെക്ഷന്റെ ഏതൊരു ലംഘനവും ഗൗരവതരമായ അനന്തര നടപടികൾക്ക് ഇടയാക്കുന്നതാണെന്നും അറിയിക്കുന്നു. സെക്ഷൻ 13(8) വകുപ്പ് പ്രകാരം വായ്പക്കാർക്ക് ഈടുവസ്തുവിന്മേലുള്ള കുടിശ്ശിക തുകയും പലിശയും മറ്റ് ചെലവുകളും അടച്ച് വസ്തു തിരിച്ചെടുക്കാൻ വസ്തു വിൽപനയുടെ പത്രപരസ്യ തീയതി വരെ സമയം ലഭ്യമാണെന്നുള്ള വിവരം ഇതിനാൽ തെര്യപ്പെടുത്തിക്കൊള്ളുന്നു.

തീയതി: 29-06-2024 (ഒപ്പ്) ചീഫ് മാനേജർ & ബാങ്ക് അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ, യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ

E2406-534540